ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ സംവരണം

17 (*278) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ ഉദ്യോഗ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ദേവസ്വം ബോർഡുകളിൽ സംവരണം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഉണ്ട്.

(ബി&സി) കൊച്ചിൻ ദേവസ്വം ബോർഡിൽ ഉദ്യോഗ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഉദ്യോഗ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കരട് ചട്ടങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു എന്നും ഇത് സംബന്ധിച്ച് ആക്ഷേപാഭിപ്രായങ്ങൾ ലഭിച്ചതിന്മേൽ നിയമോപദേശം തേടി വരികയാണെന്നും ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ ഏർപ്പെടുത്തിയ പരിഷ്ക്കാരം

18 (*279) ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മോട്ടോർ വാഹന വകുപ്പിൽ എന്തെങ്കിലും പരിഷ്ക്കാരം ഏർപ്പെടുത്തുകയുണ്ടായോ ;

(ബി) എങ്കിൽ എന്തൊക്കെ പ്രധാന പരിഷ്ക്കാരങ്ങളാണ് പ്രസ്തുത വകുപ്പിൽ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മോട്ടോർ വാഹന വകുപ്പിൽ പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കാനും അദാലത്തുകൾ ആരംഭിക്കാനും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് അതേ ദിവസം തന്നെ രജിസ്ട്രേഷൻ നൽകിവരുന്നുണ്ടോ ; എങ്കിൽ പ്രസ്തുത നടപടി അഴിമതി ഒഴിവാക്കാൻ എത്ര കണ്ട് സഹായകരമായി എന്ന് വ്യക്തമാക്കുമോ ;

(ഇ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് സ്കാഡുകൾ ആരംഭിച്ചുവോ ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റ ശേഷം വാഹന നികുതി സ്വീകരിക്കുന്നതിൽ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഏർപ്പെടുത്തുകയുണ്ടായി.

(ബി) സർക്കാർ കൈക്കൊണ്ട പ്രധാന നടപടികളും പരിഷ്ക്കാരങ്ങളും താഴെ ചേർക്കുന്നു.

1. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതു ലക്ഷ്യമാക്കി കൗണ്ടർ സംവിധാനം കാര്യക്ഷമമായി.

2. വാഹന നികുതി ഒടുക്കാൻ ആർ.ടി. ആഫീസുകളിൽ വരുന്ന പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഗുമസ്ഥന്മാർക്ക് ടാക്സ് ലൈസൻസ് ഒപ്പിട്ടു നൽകുന്നതിന് അധികാരം നൽകിയിട്ടുണ്ട്.

3. ഏജന്റുമാരെയും മദ്ധ്യവർത്തികളെയും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

4. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി ഡ്രൈവിംഗ് ടെസ്റ്റ് നടക്കുന്ന സ്ഥലത്ത് വെച്ച് തന്നെ ലൈസൻസ് എഴുതി നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തി. ഈ സംവിധാനം 15-12-2009 മുതലാണ് നടപ്പിലാക്കിയത്.

5. മോട്ടോർ വാഹന വകുപ്പിൽ നൽകുന്ന എല്ലാ അപേക്ഷകർക്കും രസീത് നൽകുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കൗണ്ടർ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞു.

6. ഈ വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കുള്ള ഫീസുകൾ അടയ്ക്കുമ്പോൾ നൽകേണ്ട രസീതുകൾ ഒപ്പിട്ട് നൽകുവാൻ ഗുമസ്ഥന്മാർക്ക് അധികാരം നൽകി. ഇതുവഴി പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന കാലതാമസം കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

7. ഓഫീസിൽ നിന്നും ലഭ്യമാക്കേണ്ട വിവിധയിനം സേവനങ്ങൾക്കു നൽകേണ്ട ഫീസിന്റെയും വാഹന നികുതിയുടെയും വിശദ വിവരങ്ങൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കും വിധം നോട്ടീസ് ബോർഡുകൾ ആർ.ടി. ഓഫീസുകളിലും ബസ് ആർ.ടി. ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്.

8. വാഹനങ്ങൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിനും പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വരുന്ന പൊതുജനങ്ങളുടെ സൗകര്യാർത്ഥം പ്രസ്തുത താല്പര്യങ്ങൾക്കുള്ള ഫീസ് വാഹന പരിശോധന നടത്തുന്ന സ്ഥലത്തുതന്നെ ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

9. വാഹന അപകടങ്ങൾ തടയുന്നതിനും കുറച്ചു കൊണ്ട് വരുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ താമസംവിനാ നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

10. വാഹനങ്ങൾക്ക് സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ കുറ്റമറ്റതും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി 20 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് ആർ.ടി.ഒ.യും, ജോയിന്റ് ആർ.ടി.ഒ.യും ചേർന്നും, 20 വർഷത്തിനു താഴെ പഴക്കമുള്ള വാഹനങ്ങൾക്ക് ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ചേർന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു.

11. എല്ലാ ആർ.ടി. ഓഫീസുകളും താമസംവിനാ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സമഗ്രമായ ഒരു കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കി വരുന്നു.

12. ലേണേഴ്സ് ടെസ്റ്റിന് ഓറൽ ടെസ്റ്റ് നിർത്തലാക്കി പകരം എഴുത്ത് പരീക്ഷ സമ്പ്രദായം നടപ്പിലാക്കി.

(സി) ഇല്ല.

(ഡി) ഉണ്ട്. ഈ നടപടി വഴി വാഹനങ്ങൾക്ക് നമ്പർ നൽകുന്ന കാര്യത്തിലുള്ള ആക്ഷേപങ്ങൾ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജി.ഒ. (എം.എസ്)നം. 3/2001/ട്രാൻ. തീയതി 12-2-2001 എന്ന ഉത്തരവിൻ പ്രകാരം തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ ജില്ലകളിൽ മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) മോട്ടോർ സൈക്കിളുകൾ, സ്വകാര്യ കാറുകൾ എന്നിവയ്ക്ക് ലൈഫ് ടൈം ടാക്സ് അടയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി. വാഹന നികുതി സ്വീകരിക്കുന്നതിനായി ആർ.ടി. ആഫീസുകളിൽ പുതിയ കൗണ്ടറുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് സർവ്വീസ് കൗണ്ടറുകളിലും വാഹന നികുതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതികൾ

19 (*280) <u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കിട്ടുണ്ട് ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഫിഷർമെൻ വെൽഫെയർ സംഘങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഉൾനാടൻ ജലാശയങ്ങളിൽ നിന്ന് ചൂണ്ടയിട്ടും വല വീശിയും മത്സ്യം പിടിച്ചും ജീവിക്കുന്നവരെ മത്സ്യത്തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലാത്തപക്ഷം അവരെകൂടി മത്സ്യത്തൊഴിലാളികളായി അംഗീകരിക്കാൻ നടപടിയെടുക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. സി. കെ. നാണു)</u> :

(എ) കടലോര മത്സ്യത്തൊഴിലാളികൾക്കു ലഭിക്കുന്ന എല്ലാ ക്ഷേമപ്രവർത്തനങ്ങളും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി 1-1-2001 മുതൽ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വിവിധ ജില്ലകളിലായി 189 സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ഡി) മത്സ്യബന്ധനം ഉപജീവനത്തിനുള്ള മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള എല്ലാ പേരെയും മത്സ്യത്തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly